സി1/219/റ്റിസി/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
തിരുവനന്തപുരം
തീയതി: 31.12.2020

**സർക്കുലർ നമ്പർ** 18/2020

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** - ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് - അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് -

സൂചന:- 1.കേന്ദ്ര മോട്ടോർ വാഹന ചട്ടം 14(2), 16 (4 ), 16 (5 )
2. Ease of Doing Government Business അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്നുള്ള സർക്കാർ നയം
3. 21-09-2020 ലെ RT/11036/55/MVL എന്ന നമ്പറിലുള്ള കേന്ദ്രസർക്കാർ കത്ത്

സർക്കാർ സേവനങ്ങളുടെ നടപടി ക്രമങ്ങൾ പരമാവധി ലഘൂകരിക്കുവാനും അപേക്ഷകരെ ഓഫീസിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കി പൂർണമായും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കണമെന്നും സർക്കാരിന്റെ Ease of Doing Government Business നയത്തിന്റെ ഭാഗമായി തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇന്റർ നാഷണൽ ഡ്രൈവിംഗ് പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്ന രീതിയിൽ പരിഷ്കരിക്കുന്നു.

1. ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റിനായി അപേക്ഷ സാരഥി സോഫ്റ്റ്‌വെയർ (www. parivahan.gov.in) മുഖാന്തിരം ഓൺലൈനായി ലൈസൻസിങ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. കാലാവധിയുള്ള ഡ്രൈവിംഗ് ലൈസൻസ്, പാസ്സ്പോർട്ട്, വീസ, ഫോം 1-A യിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ ബന്ധപ്പെട്ട ഡോക്യുമെന്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതും, ഫീസ് ഓൺലൈനായി ആയി അടയ്ക്കേണ്ടതുമാണ്.
3. വിദേശരാജ്യങ്ങളിൽ താമസിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ഇന്ത്യൻ പൌരന്മാർക്ക് അതത് രാജ്യത്ത് തൊഴിൽ ചെയ്യുന്ന ഇന്ത്യൻ ഡോക്ടറോ അല്ലെങ്കിൽ ഇന്ത്യൻ ഹൈക്കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഡോക്ടറോ ഇംഗ്ലീഷിൽ

നൽകുന്നതോ അല്ലെങ്കിൽ ഇംഗ്ലീഷിലേക്ക് തർജിമ ചെയ്തതോ ആയ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാവുന്നതാണ്.

4 സൂചന പ്രകാരമുള്ള ചട്ടങ്ങളിലൊന്നും തന്നെ അപേക്ഷകൻ പേർസണൽ ഇന്റർവ്യൂവിന് ഹാജരാകണമെന്ന് നിഷ്കർഷിക്കുന്നില്ല. അതിനാൽ തന്നെ ഈ സേവനത്തിനു അപേക്ഷകൻ നേരിട്ട് ഹാജരാകണമെന്നു ആവശ്യപെടുവാൻ പാടുള്ളതല്ല.

5. വിദേശത്തുള്ളവർക്ക് ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് അനുവദിക്കുന്ന പക്ഷം അത് അയച്ചു നൽകുവാൻ കേരളത്തിലെ ഒരു നോമിനിയുടെ വിവരങ്ങളും മേൽവിലാസവും അദ്ദേഹത്തിന്റെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അപേക്ഷകന്റെ സത്യവാങ്മൂലത്തോടൊപ്പം അപേക്ഷയുടെ കൂടെ അപ്ലോഡ് ചെയ്യേണ്ടതാണ്.

6. സംസ്ഥാനത്തു നിന്ന് നൽകപ്പെടുന്ന ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റുകളുടെ ആദ്യ പേജിൽ 'International Convention of Road Traffic of 19 September 1949' എന്ന് സ്റ്റാംപ് /പ്രിന്റ് ചെയ്തിരിക്കേണ്ടതാണ് എന്ന് സൂചന 3 പ്രകാരം ലഭ്യമായ കേന്ദ്ര സർക്കാരിന്റെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു.

7. ഈ സർക്കുലർ 2021 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

31/12/20

എം.ആർ.അജിത് കുമാർ, ഐ.പി.എസ്
അഡീഷണൽഡി.ജി.പി & ട്രാൻസ്പോർട്ട് കമ്മീഷണർ